സിർക്കോണിയം മെറ്റൽ ഫാക്ടറി സ്ഥാപിക്കുവാൻ നടപടി

* 10 [822] ശ്രീ. ഡി സുഗതൻ:
„ എ. പി. അനിൽകുമാർ:
„ എ. സുജനപാൽ:
„ ഇ. എം. അഗസ്തി:
„ എം. കെ. പോൾസൺമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമായ ധാതുമണലിൽനിന്ന് സിർക്കോണിയം ഉൽപ്പാദിപ്പിക്കാൻ കഴിയുമോ;

(ബി) സംസ്ഥാനത്ത് ഒരു സിർക്കോണിയം മെറ്റൽ ഫാക്ടറി സ്ഥാപിക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ;

(സി) ഇല്ലാത്തപക്ഷം സഹകരണമേഖലയുടെ സഹകരണത്തോടുകൂടി ഒരു സിർക്കോണിയം ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത ആരായുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാവിക്കുട്ടി) :

(എ) ഉൽപ്പാദിപ്പിക്കുവാൻ കഴിയും.

(ബി, സി) ഇക്കാര്യം സർക്കാർ ഇതുവരെ ആലോചിച്ചിട്ടില്ല.

ഡ്യൂട്ടിക്കിടെ ദേഹാസ്വാസ്ഥ്യം അനുഭവിക്കുന്നവർക്ക് ശാരീരികാദ്ധ്വാനം കുറഞ്ഞ ജോലിയിലേക്ക് മാറ്റം നൽകുന്നതിനുള്ള നടപടി

* 11 [823] ശ്രീ. കെ. മുഹമ്മദാലി:
„ വർക്കല കഹാർ:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. പി. ടി. തോമസ്:
„ എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിലെ ജീവനക്കാർ കർത്തവ്യനിർവ്വഹണത്തിലേർപ്പെട്ടിരിക്കെ അപകടമുണ്ടാവുകയും ദേഹാസ്വാസ്ഥ്യം മൂലം ഡ്രൈവറോ കണ്ടക്ടറോ എന്ന നിലയിൽ ജോലി ചെയ്യാൻ കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ അവർക്ക് ശാരീരികാദ്ധ്വാനം കുറഞ്ഞ ജോലിയിലേക്ക് മാറ്റം നൽകാറുണ്ടോ;

(ബി) ഇല്ലാത്തപക്ഷം അതിനുള്ള കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly